# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.870 28.04.2017 ലെ മറുപടിയ്ക്ക്**

**കണ്ണിയംപുറം , ഈസ്റ്റ് ഒറ്റപ്പാലം എന്നീ പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം<br>ശ്രീ.പി.ഉണ്ണി | | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പാലക്കാട്-കുളപ്പുള്ളി കെ. എസ്. ടി. പി. റോഡിലെ കണ്ണിയംപുറം പാലം , ഈസ്റ്റ് ഒറ്റപ്പാലം പാലം എന്നിവ നിർമ്മിക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | പാലക്കാട്-കുളപ്പുള്ളി കെ. എസ്. ടി. പി. റോഡിലെ കണ്ണിയംപുറം പാലം, ഈസ്റ്റ് ഒറ്റപ്പാലം പാലം എന്നിവ നിർമ്മിക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. 31.10.2016 ലെ സ.ഉ (സാധാ) നം.1496/2016/ പൊ. മ.വ. (Sl.No.40) പ്രകാരം 25 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. |
| (ബി) | പാലം നിർമ്മിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ നടത്തിയോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;വിശദാംശം നൽകാമോ; | (ബി) | ഇൻവെസ്റ്റിഗേഷൻ ദർഘാസ് 17.02.2017 ന് ക്ഷണിച്ചിരുന്നു. ആയതിന് കരാറുകാരിൽ നിന്നും പ്രതികരണം ലഭിക്കാത്തതിനാൽ പുനർ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (സി) & (ഡി) | നിലവിൽ സാങ്കേതിക തടസ്സങ്ങൾ ഒന്നുംതന്നെയില്ല. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തിയതിനുശേഷം ഡിസൈൻ പൂർത്തിയാക്കി എസ്റ്റിമേറ്റും തയ്യാറാക്കി സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾക്കുശേഷം മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) | പാലം പണി എന്ന് ആരംഭിക്കുവാൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ? | | |

S. Bindu

**സെക്ഷൻ ഓഫീസർ**